## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.353 12.11.2019-ൽ മറുപടിക്ക്**

**ഇ-വേ ബിൽ സ്ക്വാഡുകളുടെ പ്രവർത്തനവ്യാപനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.രാജഗോപാലൻ<br>ശ്രീ.പി.കെ.ശശി<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.ജെ.മാക്സി | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിനകത്തേക്ക് കടന്നുവരുന്ന അന്തർ സംസ്ഥാന ചരക്കുവാഹനങ്ങളിൽ ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | സംസ്ഥാനത്തിനകത്തേക്ക് കടന്നു വരുന്ന അന്തർസംസ്ഥാന ചരക്കുവാഹനങ്ങളിൽ ഇ-വേ ബിൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. 2018-19 ഏപ്രിൽ മുതൽ ഒക്ടോബർ വരെ 75,75,877 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുകയുണ്ടായി. ഇതിൽ 18,53,640 ഇ-വേ ബില്ലുകൾ അന്തർ സംസ്ഥാന ചരക്കു നീക്കം സംബന്ധിച്ചുള്ളതാണ്. എന്നാൽ 2019-20 ലെ ഇതേ കാലയളവിൽ 93,35,852 ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുകയുണ്ടായി. ഇതിൽ 19,06,046 ഇ-വേ ബില്ലുകൾ അന്തർ സംസ്ഥാന ചരക്കു നീക്കം സംബന്ധിച്ചുള്ളതാണ്. |
| (ബി) | ഇതിന്റെ ഫലമായി സംസ്ഥാനത്ത് നികുതി വളർച്ചയിൽ ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനംആയതിനാൽ കൂടുതൽ ചരക്കുകളും മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതാണ്. ഇപ്രകാരം കൊണ്ടുവരുന്ന ചരക്കുകളിന്മേൽ ചുമത്തിയിട്ടുള്ള IGST ക്രഡിറ്റ് സർക്കാരിന് ലഭ്യമാകണമെങ്കിൽ പ്രസ്തുത ചരക്ക് നീക്കങ്ങളുടെ വിവരങ്ങൾ കണക്കിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തേണ്ടതും റിട്ടേൺ ഫയൽ ചെയ്യുമ്പോൾ യൂട്ടിലൈസ് ചെയ്യേണ്ടതുമാണ്. ഏപ്രിൽ 2018 മുതൽ ഒക്ടോബർ 2018 വരെ 5991.56 കോടി രൂപയുടെ IGST ക്രഡിറ്റ് SGST പേയ്മെന്റിലേക്കായി യൂട്ടിലൈസ് ചെയ്തു. എന്നാൽ 2019 ഏപ്രിൽ മുതൽ ഒക്ടോബർ വരെ ഇതേ കാലയളവിൽ 6370.81 കോടി രൂപയുടെ IGST ക്രഡിറ്റ് SGST പേമെന്റിലേക്കായി യൂട്ടിലൈസ് ചെയ്തു.ഇത് സംസ്ഥാനത്തിന്റെ നികുതി വളർച്ചയിലുള്ള പുരോഗതി സൂചിപ്പിക്കുന്നു. |
| (സി) | ഇ-വേ ബിൽ പരിശോധനയ്ക്കായി രൂപീകരിച്ച വാഹന പരിശോധനാ സ്ക്വാഡുകളുടെ പ്രവർത്തനം സംസ്ഥാനത്തെ എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിലും വ്യാപിപ്പിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (സി) | രാജ്യത്ത് ജി.എസ്.ടി നിലവിൽ വന്നശേഷം സംസ്ഥാന അതിർത്തികളിൽ നിലവിലുണ്ടായിരുന്ന ചെക്ക് പോസ്റ്റുകൾ ഇല്ലാതായതിനെ തുടർന്ന് അതിർത്തി കടന്നുവരുന്ന ചരക്ക് വാഹനങ്ങൾ പരിശോധിക്കുന്നതിലേക്കായി സർവെയ്ലൻസ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. അന്തർ സംസ്ഥാന ചരക്ക് നീക്കങ്ങളോടൊപ്പം സംസ്ഥാനത്തിനകത്തുള്ള ചരക്ക് നീക്കങ്ങളും നിരീക്ഷണ വിധേയമാക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ ഇന്റലിജൻസ് സ്ക്വാഡുകൾ ചരക്കു വാഹനങ്ങളിൽ ഇ-വേ ബിൽ എടുത്തിട്ടുണ്ടോ എന്നതിൽ കർശന പരിശോധന നടത്തിവരുന്നു.<br>ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം വഴി അതിർത്തി കടന്നുവരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി തൽസമയം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലേക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്ക് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾ അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലുമാണ്. |

**സെക്ഷൻ ഓഫീസർ.**